LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയുടെ മൊത്തവരുമാനം

162 (851) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള വാട്ടർ അതോറിറ്റി എത്ര തവണ വെള്ളക്കരം വർദ്ധിപ്പിക്കുകയുണ്ടായി; ഓരോ തവണയും എത്ര ശതമാനം വീതം നിരക്ക് വർദ്ധിപ്പിച്ചു;

(ബി) 2010-11 വർഷത്തിൽ വെള്ളക്കരത്തിലൂടെ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം എത്ര കോടി രൂപയായിരുന്നു; 2014-15 സാമ്പത്തിക വർഷത്തെ മൊത്ത വരുമാനം എത്ര കോടി രൂപയായിരുന്നു; 2015-16 വർഷത്തിൽ കേരള വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടി രൂപയാണ്;

(സി) കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ഉപഭോക്താക്കൾ എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം 25-9-2014-ൽ ഒരു പ്രാവശ്യം മാത്രമാണ് കുടിവെള്ള ചാർജ് വർദ്ധിപ്പിച്ചത്. വ്യത്യസ്ത സ്ലാബുകളിലായി ശരാശരി 0% മുതൽ 112.25% വരെയാണ് വർദ്ധനാ നിരക്ക്.

(ബി) 2010-11-ലെ വരുമാനം 274.44 കോടി രൂപയായിരുന്നു. 2014-15 വർഷത്തെ വരുമാനം 372.82 കോടി രൂപയായിരുന്നു. 2015-16 വർഷത്തിൽ ഏകദേശം 480 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ 18,49,827 ഉപഭോക്താക്കളുണ്ട്.

വടകര മാഹി കനാൽ

163 (852) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) കനാലിന് കുറുകെ എത്ര പാലങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ഓരോ പാലങ്ങൾക്കും എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?